**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1618

05/12/2014-ൽ മറുപടിക്ക്

വൈപ്പിൻ - പള്ളിപ്പുറം തീരദേശപാത

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവുംവകുപ്പുമന്ത്രി ) | |
| (എ) | വൈപ്പിൻ - പള്ളിപ്പുറം തീരദേശപാതയുടെ നിർമ്മാണത്തിന് ജിഡയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഫണ്ട് എത്രയെന്നും എന്നാണ് പ്രസ്തുത നിർമ്മാണത്തിന് അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 19.01.2012 ൽ കൂടിയ 26 -ാം ജിഡ ജനറൽ കൗൺസിൽ 23.60 കോടി രൂപയുടെ അംഗീകാരം നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി എത്ര റീച്ചുകളായാണ് പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതി 3 റീച്ചുകളായി തിരിച്ച് പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. |
| (സി) | ഓരോ റീച്ചുകളും പൂർത്തീകരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | (സി), (ഡി), (ഇ) & (എഫ്) | ഈ പദ്ധതിയിൽ രണ്ടാം റീച്ച് സെയ്ദു മുഹമ്മദ് റോഡുമുതൽ ഞാറക്കൽ ആശുപത്രി റോഡുവരെ7.13 കി.മീറ്ററിന് 4.91 കോടി രൂപക്ക് സർക്കാർ അനുമതി ലഭ്യമായി. നിർമ്മാണം തുടങ്ങിയെങ്കിലും പരിസരവാസികൾ തടസ്സം ഉന്നയിച്ചിരിക്കുന്നതിനാൽ നിർമ്മാണം നിലവിൽ നിർത്തിവെച്ചിരിക്കുകയാണ്. ഒന്നും രണ്ടും റീച്ചുകളിൽ നിർമ്മാണ പ്രവൃത്തി തുടങ്ങിയിട്ടില്ല.<br><br>ഇറിഗേഷൻ വകുപ്പ്, കടൽഭിത്തിയിൽ നിന്നും 3 മീറ്റർ വിട്ട് റോഡ് നിർമ്മിക്കുവാൻ പാടുള്ളു എന്നറിയിച്ചിട്ടുണ്ട്.<br><br>കടൽജലം അടിച്ചുകയറി റോഡ് ഗതാഗതയോഗ്യമല്ലാതായി തീരുന്നതിനാൽ സംരക്ഷണഭിത്തി നിർമ്മിച്ചശേഷം, റോഡ് ഉയർത്തി നിർമ്മിക്കണമെന്നും, വെള്ളക്കെട്ട് ഒഴിവാക്കുവാൻ ഇടവിട്ട് കാന നിർമ്മിക്കണമെന്നും സ്ഥലവാസികൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിനാൽ നിലവിലുള്ള എസ്റ്റിമേറ്റ് പുതുക്കി തരുവാൻ കിറ്റ്കോ യെ ഏല്പിച്ചിട്ടുണ്ട്. |

| | |
|---|---|
| | മേൽ കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുകയാണ്.<br><br>പ്രസ്തുത തടസ്സങ്ങൾ നിലനിൽക്കുന്നതിനാൽ, നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ ആകുമെന്ന് വ്യക്തമാക്കുന്നതിന് സാധിക്കുന്നില്ല. |
| (ഡി) ഏതെങ്കിലും റീച്ചിൽ നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ വിശദീകരിക്കാമോ; | |
| (ഇ) നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | |
| (എഫ്) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ? | |

Joseph

സെക്ഷൻ ഓഫീസർ